ന്നതിനായി 7.15 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഗോവ ആസ്ഥാനമായി പ്രവർത്തിക്കുന്ന നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പോർട്സ് എന്ന കേന്ദ്ര സർക്കാർ അംഗീകാരമുള്ള സ്ഥാപനത്തിലാണ് പരിശീലനം നൽകുന്നത്. 15 ദിവസം വീതമാണ് ട്രെയിനിംഗ്. ഇതുവരെ 15 ബാച്ചുകളിലായി ഒൻപത് തീരദേശ ജില്ലകളിൽ നിന്നും 612 മത്സ്യത്തൊഴിലാളികൾ പരിശീലനം പൂർത്തീകരിച്ചു. കോവിഡ്-19 സാഹചര്യത്തിൽ ട്രെയിനിംഗ് മാറ്റി വച്ചിരിക്കുകയാണ്. കടൽ സുരക്ഷാ സ്ക്വാഡിലെ മത്സ്യബന്ധന യാനങ്ങൾക്ക് നൽകുന്ന സുരക്ഷാ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) കാസർഗോഡ് ജില്ലയിൽ ഇത്തരത്തിൽ എത്ര സ്ക്വാഡുകളാണ് രൂപീകരിച്ചിട്ടുള്ളത്; ഇവർക്ക് വകുപ്പ് തലത്തിൽ എന്തൊക്കെ സംവിധാനങ്ങളാണ് നൽകുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ?

കാസർഗോഡ് ജില്ലയിൽ നിലവിൽ 10 മത്സ്യത്തൊഴിലാളികൾക്ക് കടൽ സുരക്ഷാ സ്ക്വാഡിലേക്കുള്ള പരിശീലനം നൽകിയിട്ടുണ്ട്. പരിശീലനം പൂർത്തിയാക്കുന്നവർക്ക് യൂണിഫോം, യാനത്തിലേക്ക് ആവശ്യമുള്ള വാർത്താ വിനിമയ ഉപകരണങ്ങൾ, ഡിസ്ട്രെസ്സ് അലെർട് ട്രാൻസ്മിറ്റർ, ജി.പി.എസ്, ലൈഫ് ജാക്കറ്റ്, ലൈഫ് ബോയ്, ടോർച്ച്, മറ്റ് അത്യാവശ്യ സുരക്ഷാ ഉപകരണങ്ങൾ എന്നിവ വകുപ്പിൽ നിന്നും വിതരണം ചെയ്തു വരുന്നു.

**ഫിഷറീസ് ടൂറിസം**

303(1049) <u>ശ്രീ. റോജി എം. ജോൺ</u>: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഉൾനാടൻ മത്സ്യകൃഷിയുടെ സാധ്യതകൾ കൂടി പ്രയോജനപ്പെടുത്തിക്കൊണ്ട് ടൂറിസം വകുപ്പുമായി സഹകരിച്ച് ഫിഷറീസ് ടൂറിസം മേഖലയിൽ കൂടുതൽ പദ്ധതികൾ നടപ്പിലാക്കുന്നതിന് തയ്യാറാകുമോ; വിശദാംശം നൽകുമോ?

ഉൾനാടൻ മത്സ്യകൃഷിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി ടൂറിസം വകുപ്പുമായി സഹകരിച്ച് ഫിഷറീസ് ടൂറിസം മേഖലയിൽ പദ്ധതികൾ നടപ്പിലാക്കുന്ന കാര്യം പരിശോധിച്ചുവരികയാണ്. എറണാകുളം ജില്ലയിൽ കടമക്കുടി, ഞാറയ്ക്കൽ, കുമ്പളങ്ങി, ഉദയപേരൂർ, ചെറായി, ഏഴിക്കര, വരാപ്പുഴ തുടങ്ങിയ സ്ഥലങ്ങളിൽ ഫിഷറീസ് ടൂറിസവുമായി ബന്ധപ്പെട്ട് പദ്ധതികൾ നടപ്പിലാക്കുന്നതിന് വളരെയധികം സാധ്യതകളുണ്ട്. കടമക്കുടി പ്രദേശത്ത് നൂറോളം മത്സ്യക്കൂടുകൾ പുഴയിലും കായലിലുമായി സ്ഥാപിച്ചിട്ടുണ്ട്. ഇവിടെ സന്ദർശകരുടെ എണ്ണം ദിനംപ്രതി വർദ്ധിച്ചുവരുന്നുണ്ട്. കൂടാതെ മത്സ്യഫെഡ് വഴി എറണാകുളം ജില്ലയിലുള്ള

LIBRARY ARCHIVES Kerala Legislative Assembly

ഞാറയ്ക്കൽ, മാലിപ്പുറം മത്സ്യഫാമുകളിലും കോട്ടയം ജില്ലയിലെ പാലയ്ക്കരി ഫാമിലും നിലവിൽ മത്സ്യകൃഷിയോടൊപ്പം അക്വാ ടൂറിസവും നടത്തിവരുന്നു. മാലിപ്പുറം ഫാമിൽ ആധുനിക സൗകര്യങ്ങളോടെ അക്വാ ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിന് മാസ്റ്റർ പ്ലാൻ/ഡി.പി.ആർ. തയ്യാറാക്കാൻ കൺസൾട്ടന്റിനെ തീരുമാനിക്കുകയും അതനുസരിച്ച് കരട് പ്രൊപ്പോസൽ സമർപ്പിക്കുകയും ടൂറിസം ഡിപ്പാർട്ട്മെന്റിന്റെ പരിഗണനയ്ക്ക് നിർദ്ദേശങ്ങൾ (concept note) നൽകിയിട്ടുള്ളതുമാകുന്നു. സാധ്യമായ ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യകൃഷിയോടൊപ്പം അക്വാ ടൂറിസം പദ്ധതി മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ മുഖേന നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

**തീരശോഷണം തടയാൻ നടപടി**

304(1050) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>:
<u>ശ്രീ. സി. ആർ. മഹേഷ്</u>:
<u>ശ്രീ. ടി. ജെ. വിനോദ്</u>:
<u>ശ്രീ. എം. വിൻസെന്റ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തീരശോഷണം വർദ്ധിക്കുന്ന സാഹചര്യം ഗൗരവത്തോടെ കാണുന്നുണ്ടോ?

ഉണ്ട്.

(ബി) ഇതുസംബന്ധിച്ച് എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) തീരദേശത്തെ അശാസ്ത്രീയമായ നിർമ്മാണരീതികളും പ്രവർത്തനങ്ങളുമാണ് ഇതിന്റെ പ്രധാന കാരണം എന്ന ആരോപണത്തിൽ വസ്തുതയുണ്ടോ;

(ഡി) തീരദേശത്തെ നിർമ്മാണ പ്രവൃത്തികൾ കൂടുതൽ ശാസ്ത്രീയമാക്കാൻ നടപടികൾ സ്വീകരിക്കുമോ?

(ബി-ഡി) അംഗീകൃത ഏജൻസികൾ മുഖേന മാതൃകാപഠനം നടത്തിയതിനു ശേഷമാണ് ഹാർബർ നിർമ്മാണത്തിനുള്ള പദ്ധതിരൂപരേഖ തയ്യാറാക്കുന്നത്. ഹാർബർ നിർമ്മിതിമൂലം ഹാർബറിനോട് ചേർന്നുള്ള പ്രദേശത്ത് എന്തെങ്കിലുംവിധ മാറ്റം ഉണ്ടാകാനിടയുണ്ടോയെന്നും തീരശോഷണവും ഇതിൽ പഠന വിധേയമാക്കാറുണ്ട്. ശേഷിക്കുന്ന തീരദേശ ഭാഗങ്ങളിൽ ഇറിഗേഷൻ വകുപ്പാണ് ഏജൻസികൾ മുഖേന പഠനങ്ങൾ നടത്തുന്നത്.